©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 8** Vol. VIII | **തിരുവനന്തപുരം, വെള്ളി** Thiruvananthapuram, Friday | **2019 ഒക്ടോബർ 11** 11th October 2019 **1195 കന്നി 25** 25th Kanni 1195 **1941 ആശ്വിനം 19** 19th Aswina 1941 | **നമ്പർ** No. | **2398** |

## കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ആർ. സി.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 59/2019/ത.സ്വ.ഭ.വ.

*തിരുവനന്തപുരം, 2019 സെപ്റ്റംബർ 17,*
*1195 കന്നി 1.*

**എസ്. ആർ. ഒ. നമ്പർ 736/2019**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13-ാം ആക്റ്റ്) 279-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും പ്രസ്തുത ആക്റ്റിലെ 279-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയന്ത്രണം കാസറഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ "പുറമ്പോക്ക് മേച്ചിൽ സ്ഥലം" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ പുറമ്പോക്ക് ഭൂമി പ്രസ്തുത പഞ്ചായത്തുമായി കൂടിയാലോചിച്ചശേഷം പ്രസ്തുത ആക്റ്റിന്റെ പരിധിയിൽനിന്നും ഇതിനാൽ ഒഴിവാക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പട്ടിക**

| | | |
|---|---|---|
| ജില്ല | — | കാസറഗോഡ് |
| താലൂക്ക് | — | മഞ്ചേശ്വരം |
| വില്ലേജ് | — | വോർക്കാടി |
| പഞ്ചായത്ത് | — | വോർക്കാടി |
| റീസർവ്വേ നമ്പർ | — | 497/1B-5 |
| വിസ്തീർണ്ണം | — | 1 ഏക്കർ |

**അതിരുകൾ**

| | | |
|---|---|---|
| വടക്ക് | — | റീസർവ്വേ നമ്പർ 497/1B-5 |
| തെക്ക് | — | റീസർവ്വേ നമ്പർ 497/1B-5, റോഡ് |
| കിഴക്ക് | — | റീസർവ്വേ നമ്പർ 497/1B-5, റോഡ് |
| പടിഞ്ഞാറ് | — | റീസർവ്വേ നമ്പർ 497/1B-5 |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ടി. കെ. ജോസ്,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ (1994-ലെ 13-ാം ആക്റ്റ്) 279-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയന്ത്രണം കാസറഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള വോർക്കാടി വില്ലേജ്, റീസർവ്വേ നമ്പർ 497/1B-5-ൽപ്പെട്ട റവന്യൂ രേഖകളിൽ "പുറമ്പോക്ക് മേച്ചിൽ സ്ഥലം" എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഒരു ഏക്കർ സ്ഥലം, പ്രസ്തുത ആക്റ്റിലെ 279-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചശേഷം കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2019.10.11 02:19:48 +05:30